<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2134</u> <u>30-09-2025 - ൽ മറുപടിയ്ക്ക്</u>

<u>അരിമ്പൂർ സ്വദേശിക്ക് അന്തിക്കാട് പോലീസ് സ്റ്റേഷനിൽ മർദ്ദനമേറ്റ സംഭവം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അരിമ്പൂർ സ്വദേശിയായ യുവാവിന് അന്തിക്കാട് പോലീസ് സ്റ്റേഷനിൽനിന്ന് മർദ്ദനമേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | മർദ്ദനമേറ്റതായി മാധ്യമങ്ങളിലൂടെ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും സംഭവത്തെക്കുറിച്ച് ഗൗരവപൂർവ്വം അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.<br><br>31.08.2024 ന് 18.30 മണിക്ക് ആറാംകല്ല് Zoom മോട്ടോഴ്സിന് സമീപം വച്ച് നടന്ന വാഹനാപകടത്തിൽ വാടാനപ്പള്ളി നടുവിൽക്കര സ്വദേശിയായ ഷൈൻ എന്നയാൾക്ക് ഗുരുതര പരിക്ക് പറ്റിയതിന് അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം 1009/24 U/s 281, 125(b) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ പ്രതി ഓടിച്ചിരുന്ന ഓട്ടോറിക്ഷ നിറുത്താതെ പോയിട്ടുള്ളതും അന്വേഷണത്തിൽ ഓട്ടോറിക്ഷ ATUL കമ്പനിയുടെതാണെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള ഓട്ടോറിക്ഷ വാങ്ങിയ ആളുകളുടെ അഡ്രസ്സ് പരിശോധിക്കുന്നതിനായി KL-08-82-7298 ഓട്ടോറിക്ഷയും അത് ഓടിച്ചിരുന്ന അഖിൽ എന്നയാളെയും അന്തിക്കാട് പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുകയും പരിശോധനയിൽ വാഹനം അപകടത്തിൽപ്പെട്ടിട്ടുണ്ടാകാം എന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ സയന്റിഫിക്ക് എക്സ്പെർട്ടിന്റെ സഹായത്തോടെ കണ്ടെത്തുന്നതിനായി അയക്കാം എന്ന് തീരുമാനിക്കുകയും വിവരം അഖിലിനെ അറിയിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ഈ സമയം തന്റെ വാഹനം അപകടത്തിൽപ്പെട്ടിട്ടില്ല എന്നും തനിക്ക് വാഹനം വിട്ടുകിട്ടണം എന്നാവശ്യപ്പെട്ട് പോലീസ് സബ്ബ് ഇൻസ്പെക്ടറോട് വാക്ക് തർക്കത്തിൽ ഏർപ്പെടുകയുണ്ടായി. ഇതിനിടെ എസ്.ഐ-യെ അഖിൽ മർദ്ദിക്കുന്നത് കണ്ട് സ്റ്റേഷനിലെ മറ്റ് പോലീസുകാർ അഖിലിനെ ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്യുകയും ഈ കാര്യത്തിനു |

| | | | |
|---|---|---|---|
| | | | അന്തിക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നം. 1106/24 U/s 117(e) KP ACT പ്രകാരം രജിസ്റ്റർ ചെയ്ത ശേഷം സ്റ്റേഷനിൽ നിന്ന് അന്നേ ദിവസം അഖിലിന്റെ അച്ഛൻ യേശുദാസിന്റെയും, ജോർജ്ജിന്റെയും ആൾ ജാമ്യത്തിൽ വിട്ടയക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>കേസിലെ പ്രതിയായ അഖിൽ 30.09.2024 തീയതി അന്തിക്കാട് പോലീസ് തല്ലിയെന്ന് ആരോപിച്ച് തൃശ്ശൂർ ജില്ലാ ഹോസ്പിറ്റലിൽ ചികിത്സ തേടിയിട്ടുള്ളതും അഖിലിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും മൊഴിയിൽ നിയമ നടപടികൾ ആവശ്യമില്ല എന്ന് പറഞ്ഞിട്ടുള്ളതുമാണ്.<br><br>കേസിൽ അന്വേഷണം പൂർത്തീകരിച്ച് തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് നമ്പർ-II കോടതിയിൽ പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കോടതി CC 3474/2024 ആയി സ്വീകരിച്ചിട്ടുള്ളതും ബഹു. കോടതി ടിയാനെ പിഴയടക്കുവാൻ ശിക്ഷിച്ചിട്ടുള്ളതും ടിയാൻ 11.01.2025 തീയതി പിഴ അടച്ചിട്ടുള്ളതുമാണ്. മാധ്യമങ്ങളിൽ കൊടുത്ത ബൈറ്റ് അല്ലാതെ ടിയാൻ ഇതുവരെ ആർക്കെതിരെയും എവിടേയും പരാതി നൽകിയതായി അറിവില്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായ പൊലീസുകാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ